**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4916** **14.11.2019 ൽ മറുപടിയ്ക്ക്**

**പാട്ടഭൂമിയുടെ പട്ടയം റദ്ദാക്കൽ**

| **ചോദ്യം**<br>**ശ്രീ.പി.ടി. തോമസ്** | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ഇടുക്കിയിൽ പാട്ടഭൂമിയിൽ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മാണം നടത്തിയ പാട്ടഭൂമിയുടെ പട്ടയം റദ്ദാക്കി ഭൂമി സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഇല്ല |
| (ബി) | ഇടുക്കിയിൽ പട്ടയഭൂമിയിൽ വീട് ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ; | (ബി) 1964 ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം, സമീപസ്ഥങ്ങളായ രജിസ്റ്റേർഡ് ഭൂമിയിലേക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കാണ് ഭൂമി പതിച്ചു നൽകുന്നത്. 1993-ലെ കേരള ഭൂമി പതിവ് (01.01.1977-ന് മുൻപുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം എന്നിവ കൂടാതെ ചെറിയ കടമുറി പണിയുന്നതിനും ഭൂമി പതിച്ചു നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. 1964 -ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ വാണിജ്യപരമായ കെട്ടിടനിർമ്മാണം അനുവദനീയമല്ല. കൂടാതെ ബഹു.ഹൈക്കോടതിയുടെ 1801/2010 നമ്പർ കേസിലെ 21.1.2010 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിലെ നിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കാർഷിക മേഖലയുടെ തകർച്ചയും വിളകളുടെ വിലയിടിവും പ്രളയം കൃഷി ഭൂമി ഇല്ലാതാക്കിയതും മൂലം ബുദ്ധിമുട്ടുന്ന | (സി) യും(ഡി) യും കാർഷികാവശ്യങ്ങൾക്കുള്ള ഭൂവിനിയോഗത്തിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ |

| | | |
|---|---|---|
| . | ഇടുക്കിയിലെ കുടിയേറ്റ കർഷകരെ പ്രസ്തുത നിരോധനം എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം കാർഷിക മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ഉത്തരവ് അടിയന്തരമായി പിൻവലിച്ച് കർഷകരെ ബുദ്ധിമുട്ടിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ